# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **1** 09.03.2015 - ൽ മറുപടിക്ക്

**പിന്നോക്ക വിഭാഗങ്ങൾക്കുള്ള എൻ.സി.എ. ഒഴിവുകൾ**

**ചോദ്യം**

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

(എ) തുടർച്ചയായി വിജ്ഞാപനം ചെയ്തിട്ടും പിന്നോക്ക വിഭാഗങ്ങൾക്കുള്ള എൻ.സി.എ. ഒഴിവുകളിലേക്ക് അപേക്ഷകരില്ലെങ്കിൽ പ്രസ്തുത തസ്തികകളിലെ നിയമനവുമായി ബന്ധപ്പെട്ട് വ്യക്തത വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് പി.എസ്.സി. യുടെ അഭിപ്രായം ആരാഞ്ഞിരുന്നോ;

(സി) എങ്കിൽ എന്തെല്ലാം കാര്യങ്ങൾ ആരാഞ്ഞിരുന്നുവെന്നും അതിന് മറുപടി ലഭിച്ചോ എന്നും വ്യക്തമാക്കുമോ ;

(ഡി) ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുമോ ?

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) യും (ബി) യും (സി) യും (ഡി) യും

എൻ.സി.എ. നിയമനങ്ങളിലെ സങ്കീർണ്ണതയും കാലതാമസവും പരിഹരിക്കുന്നതിനായി KS&SSR ലെ ചട്ടം 15 ൽ അനുയോജ്യമായ രീതിയിൽ ഭേദഗതി വരുത്തുന്നതിന് സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളുകയും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് വിജ്ഞാപനം പി.എസ്.സി. യുടെ ഉപദേശത്തിനായി നൽകുകയും ചെയ്തിട്ടുണ്ട്. പി.എസ്.സി. യിൽ നിന്നും ഉപദേശം/അഭിപ്രായം ലഭ്യമാകുന്ന മുറയ്ക്ക് അന്തിമ ഭേദഗതി വിജ്ഞാപനം പുറപ്പെടുവിക്കുന്ന കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ